(സി) എത്ര വ്യവസായ സംരംഭകർക്ക് ഇവിടെ വ്യവസായം നടത്തുവാൻ അവസരം ലഭിക്കും ;

(ഡി) പ്രിന്റ് വില്ലേജ് ആരംഭിക്കുവാൻ ഗവണ്മെന്റ് ഓഫ് ഇൻഡ്യ പ്രസ്സിന്റെ സ്ഥലം ലഭ്യമാക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.ഡി.എഫിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിലുള്ള ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾക്കാണ് എസ്.ഡി.എഫിൽ സ്ഥലം അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 16-ഓളം വ്യവസായ സംരംഭകർക്ക് ഇവിടെ വ്യവസായം നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സിൽ നിന്ന് പ്രിന്റ് വില്ലേജ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കാം എന്ന് നേരത്തെ കേന്ദ്ര സർക്കാർ ഉറപ്പു നൽകിയിരുന്നുവെങ്കിലും പ്രസ്സിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതിനാൽ കൂടുതൽ സ്ഥലം വിട്ടു നൽകാൻ കഴിയില്ലെന്ന് ഇപ്പോൾ കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്.

മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ കൈവശമുണ്ടായിരുന്ന സ്ഥലത്ത് പുതിയ സ്ഥാപനം

202(909) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ കൈവശമുണ്ടായിരുന്ന സ്ഥലത്ത് പുതിയ ഏതെങ്കിലും സ്ഥാപനം ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ കൈവശമുണ്ടായിരുന്ന സ്ഥലത്ത് ഒരു Shopping Mall-cum-Office Complex സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിലേക്ക് വേണ്ട നടപടികൾ KSIE കൈക്കൊണ്ടുവരുന്നു.

നെടുങ്ങോലം പ്രദേശത്ത് കിൻഫ്ര ഏറ്റെടുത്ത ഭൂമി

203(910) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറക്കര ഗ്രാമപഞ്ചായത്തിലെ നെടുങ്ങോലം പ്രദേശത്ത് കിൻഫ്ര എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly